UNIVERSITY OF CALICUT

(DOA)

No: 127241/DOA-ASST-8/2026/Admn Dated,Calicut University P.O 05.08.2026

**NOTIFICATION**

2026-27 അധ്യയന വർഷത്തെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നും അഞ്ചും സെമസ്റ്ററുകളിലേയ്ക്ക് വിദ്യാർത്ഥികളിൽ നിന്നും ലേറ്റ് കോളേജ് ട്രാൻസ്ഫറിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ച് സർവകലാശാലാ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ അനുവദനീയമാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലേക്കുള്ള ട്രാൻസ്ഫറിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സർവകലാശാല വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓട്ടോണമസ് കോളേജുകൾ ഒഴികെയുള്ള മറ്റ് അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കോളേജ് ട്രാൻസ്ഫർ സംബന്ധിച്ച് ബന്ധപ്പെട്ട ഓട്ടോണമസ് കോളേജുമായി ബന്ധപ്പെടേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ്-മേജർ ഓപ് ഷനുകൾ തിരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 05.08.2026 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 10.08.2026 11 A.M |
| ഫീസ് | ₹405/- |

**നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ലേറ്റ് കോളേജ് ട്രാൻസ്ഫർ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ**

1. നിലവിലുള്ള കോളേജ് ട്രാൻസ്ഫർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ ലേറ്റ് അപേക്ഷകരെ പരിഗണിക്കുകയുള്ളൂ.
2. നിലവിലെ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ കോളേജ് ട്രാൻസ്ഫർ വഴി പ്രൊവിഷണൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെ ലേറ്റ് കോളേജ് ട്രാൻസ്ഫറിനായി വീണ്ടും പരിഗണിക്കുന്നതല്ല.
3. ലേറ്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന കോളേജ് ട്രാൻസ്ഫർ യാതൊരു കാരണവശാലും പിന്നീട് റദ്ദാക്കാൻ (Cancel) അനുവദിക്കുന്നതല്ല.

4. ലേറ്റ് അപേക്ഷകൾക്ക് സർവകലാശാല നിശ്ചയിച്ചിട്ടുള്ള ലേറ്റ് ഫീസ് ഉൾപ്പെടെയുള്ള അപേക്ഷാ ഫീസ് ബാധകമായിരിക്കും.
5. സർവകലാശാല നേരത്തെ പ്രസിദ്ധീകരിച്ച കോളേജ് ട്രാൻസ്ഫർ വിജ്ഞാപനത്തിലെ (No: 127241/DOA-ASST-8/2026/AdmnDated 25.06.2026 ) യോഗ്യതാ മാനദണ്ഡങ്ങളും, നിബന്ധനകളും, കോളേജ് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ലേറ്റ് അപേക്ഷകർക്കും ബാധകമായിരിക്കും.
6. നിലവിലെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ കോളേജ് ലേറ്റ് കോളേജ് ട്രാൻസ്ഫറിനായി വീണ്ടും അപേക്ഷിക്കേണ്ടതില്ല

Prof.(Dr.) Sebastian C. D.
Registrar

To

ഓട്ടോണമസ് ഉൾപ്പടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / പരീക്ഷ കൺട്രോളറുടെ പി എ / ഡയറക്ടർ CUCC / ഡെപ്യൂട്ടി രജിസ്ട്രാർ ജി & എ വിഭാഗം / പി ആർ ഒ / സുവേഗ.